ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി—ഇ) ബാധകമല്ല.

തൃശ്ശൂർ ജില്ലയിൽ നിർത്തൽ ചെയ്ത ബസ് ഷെഡ്യൂളുകൾ

146 [603] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ജില്ലയിൽ നിറുത്തൽ ചെയ്ത വിവിധ ബസ് ഷെഡ്യൂളുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഇപ്രകാരം ഷെഡ്യൂളുകൾ നിറുത്തലാക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ നിറുത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുമോ ;

(ഡി) എങ്കിൽ തൃശ്ശൂർ ജില്ലയിൽ നിറുത്തലാക്കിയ എല്ലാ ഷെഡ്യൂളുകളും പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) തൃശ്ശൂർ ജില്ലയിൽ പുതുതായി ഏതെങ്കിലും ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഷെഡ്യൂളുകൾ നിറുത്തൽ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒരു ഷെഡ്യൂളും സ്ഥിരമായി നിറുത്തൽ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

147 [604] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കളക്ഷൻ കുറവാണ് എന്നതിനാൽ തൃശ്ശൂർ ഡിപ്പോയിൽ എത്ര സർവ്വീസുകൾ നിർത്തലാക്കി എന്ന് വിശദമാക്കാമോ ;

(സി) എം.എൽ.എ.-യുടെ നിർദ്ദേശമനുസരിച്ച് അനുവദിച്ച കാട്ടകാമ്പാൽ സർവ്വീസ് നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കളക്ഷൻ കുറഞ്ഞ എത്ര സർവ്വീസുകൾ ഇപ്പോൾ തൃശ്ശൂർ ഡിപ്പോയിൽ നിന്നുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ ;

(ഇ) തൃശ്ശൂർ-വടക്കാഞ്ചേരി, കാട്ടകാമ്പാൽ സർവ്വീസ് ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഷെഡ്യൂളും സ്ഥിരമായി നിറുത്തലാക്കിയിട്ടില്ല.

(ബി) ഒരു സർവ്വീസും സ്ഥിരമായി നിറുത്തലാക്കിയിട്ടില്ല.

(സി) ബസ്സിന്റെ കുറവുമൂലം താൽക്കാലികമായി നിറുത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്.

(ഡി) തൃശ്ശൂർ ഡിപ്പോയിൽ നിന്നുള്ള കളക്ഷൻ കുറഞ്ഞ സർവ്വീസുകളുടെ വിവരം താഴെ പറയുന്നു :

(1)	20.00	ബാംഗ്ലൂർ	സൂപ്പർ ഫാസ്റ്റ്
(2)	21.00	ബാംഗ്ലൂർ	സൂപ്പർ ഫാസ്റ്റ്
(3)	11.40	എറണാകുളം	ഓർഡിനറി
(4)	07.20	പാലാഴി	ഓർഡിനറി
(5)	05.00	എറണാകുളം	ഓർഡിനറി
(6)	07.10	എറണാകുളം	ഓർഡിനറി
(7)	08.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(8)	09.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(9)	11.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(10)	12.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(11)	13.00	കോഴിക്കോട്	ടി.ടി. ഓർഡിനറി
(12)	13.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(13)	14.00	കോഴിക്കോട്	ടി.ടി. ഓർഡിനറി
(14)	14.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(15)	15.00	കോഴിക്കോട്	ടി.ടി. ഓർഡിനറി

LIBRARY ARCHIVES Kerala Legislative Assembly

(16)	15.30	കോഴിക്കോട്	ടി.ടി. ഓർഡിനറി
(17)	16.00	കോഴിക്കോട്	ടി.ടി. ഓർഡിനറി
(18)	06.00	ചാനോത്ത് പാലം	ഓർഡിനറി
(19)	07.00	ഗുരുവായൂർ	ഓർഡിനറി
(20)	07.30	കഴിംബ്ര	ഓർഡിനറി
(21)	08.00	മൂന്ന് പീടിക	ഓർഡിനറി
(22)	10.00	ആലുവ	ഓർഡിനറി
(23)	11.30	ആലുവ	ഓർഡിനറി
(24)	11.45	ചാലക്കുടി	ഓർഡിനറി
(25)	12.05	ആലുവ	ഓർഡിനറി
(26)	10.45	ചാലക്കുടി	ഓർഡിനറി
(27)	07.35	മരോട്ടിപാൽ	ഓർഡിനറി
(28)	06.00	ആറാട്ടുപുഴ	ഓർഡിനറി
(29)	06.55	ചാലി	ഓർഡിനറി
(30)	06.00	കൊണ്ടയൂർ	ഓർഡിനറി
(31)	06.40	അഴിമാവ്കടവ്	മിനി

(ഇ) ബസ്സിന്റെ ലഭ്യത അനുസരിച്ച് സർവ്വീസ് തുടർന്ന് നടത്തുന്നതാണ്.

തലശ്ശേരി കെ.എസ്.ആർ.ടി.സി. സബ്സ്റ്റേഷൻ പ്രവർത്തനം

148 [605] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കെ.എസ്.ആർ.ടി.സി. സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കണമെന്നാവശ്യപ്പെടുന്ന ഏതെങ്കിലും കത്തുകൾ സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബസ് സ്റ്റേഷന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുനിസിപ്പൽ അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly